**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3344** **04-08-2021 - ൽ മറുപടിയ്ക്ക്**

**മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | **Shri M. V. Govindan Master**<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശസ്ഥാപനങ്ങളിലെ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണോദ്യോഗസ്ഥർ ആരൊക്കെയാണ് എന്നറിയിക്കാമോ; ഇത് സംബന്ധിച്ച് ഉത്തരവുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അറിയിക്കാമോ; | (എ) | ഗ്രാമപഞ്ചായത്തുകളിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരെയും ബ്ലോക്ക് പഞ്ചായത്തുകളിൽ അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരെയും ജില്ലാ പഞ്ചായത്തുകളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരെയും നഗരസഭകളിൽ മുനിസിപ്പൽ എഞ്ചിനീയറെയും കോർപ്പറേഷനുകളിൽ അസിസ്റ്റന്റ് എഞ്ചിനീയർ മുതൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ വരെയുള്ളവരെയും നിർമ്മാണ പ്രവൃത്തികളുടെ നിർവ്വഹണ ഉദ്യോഗസ്ഥരായി ചുമതലപ്പെടുത്തിയിട്ടുണ്ട്. 22/01/2007-ലെ സ.ഉ (സാധാ) നം.253/2007/തസ്വഭവ, 29/03/2017-ലെ ജി.ഒ (എം.എസ്) നം.72/2017/തസ്വഭവ, ചീഫ് എഞ്ചിനീയറുടെ 18/07/2017 ലെ ഡിബി3/5068/17/ സിഇ/എൽഎസ്ജിഡി സർക്കുലർ, 07/06/2017 ലെ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം എന്നിവ പ്രകാരം ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | എം.എൽ.എ. സ്പെഷ്യൽ ഡെവലപ്പ്മെന്റ് ഫണ്ട് (എം.എൽ.എ എസ്.ഡി.എഫ്.) പ്രകാരമുള്ള മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണോദ്യോഗസ്ഥൻ ആരാണെന്നറിയിക്കാമോ; | (ബി) | എം.എൽ.എ മാർ ശുപാർശ ചെയ്യുന്ന പ്രവൃത്തികളുടെ നിർവ്വഹണം പൊതുമരാമത്ത്, ഗ്രാമവികസനം, ജലസേചനം, കൃഷി, ആരോഗ്യം, പൊതുവിദ്യാഭ്യാസം തുടങ്ങിയ വകുപ്പുകൾ വിവിധ വികസന അതോറിറ്റികൾ, അക്രഡിറ്റഡ് ഏജൻസി എന്നിവ മുഖേനയാണ് നടത്തുന്നത്. |
| (സി) | സി.എം.എൽ.ആർ.ആർ.പി, റീബിൽഡ് കേരള എന്നീ പ്രവൃത്തികൾ നടപ്പിലാക്കുന്ന രീതിയിൽ എം.എൽ.എ. എസ്.ഡി.എഫ്. ഉപയോഗിച്ചുള്ള പ്രവൃത്തികൾ നടപ്പിലാക്കുന്നത് വഴി വേഗതയിൽ നിർവ്വഹണം നടത്തുന്നതിന് സാധിക്കുമോയെന്ന് വിശദമാക്കുമോ; | (സി) | പ്രളയത്തിൽ തകർന്ന കേരളത്തിന്റെ പുനർനിർമ്മാണവും സുസ്ഥിരവികസനവും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവിഷ്കരിച്ച് നടപ്പിലാക്കിയ പ്രത്യേക പദ്ധതികളാണ് സി.എം.എൽ.ആർ.ആർ.പി, റീബിൽഡ് കേരള എന്നിവ. എം.എൽ.എ |

| | | | |
|---|---|---|---|
| | | | എസ്.ഡി.എഫ് പോലുള്ള പദ്ധതികൾ മേൽ സംവിധാനത്തിൽ നടപ്പിലാക്കാൻ നിലവിലെ സാഹചര്യത്തിൽ കഴിയുകയില്ല. |
| (ഡി) | എസ്റ്റിമേറ്റിന് ഭരണാനുമതി ലഭിച്ച് പിന്നീട് സാങ്കേതികാനുമതി പ്രൈസ് സോഫ്റ്റ് വെയർ വഴി നൽകുമ്പോൾ, സോഫ്റ്റ് വെയറിലെ നിരക്കിൽ മാറ്റം വരികയാണെങ്കിൽ വീണ്ടും ഭരണാനുമതിക്കായി എസ്റ്റിമേറ്റ് സമർപ്പിക്കുന്നത് കാരണം കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് പ്രത്യേക നിർദ്ദേശങ്ങൾ ഉണ്ടോയെന്ന് അറിയിക്കാമോ; | (ഡി) | സമയബന്ധിതമായി ഭരണാനുമതി നൽകി പ്രശ്നം പരിഹരിക്കാവുന്നതാണ്. |
| (ഇ) | മരാമത്ത് പ്രവൃത്തികളുടെ നിർവഹണവുമായി ബന്ധപ്പെട്ട് ഇ-ഫയൽ സംവിധാനം ഏർപ്പെടുത്തുന്നതിന് പദ്ധതിയുണ്ടോ? | (ഇ) | ഇ-എം.ബുക്ക് സംവിധാനം ഏർപ്പെടുത്തി മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണം മെച്ചപ്പെട്ടതാക്കാനും സമയബന്ധിതമാക്കാനും ശ്രമം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ